**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** | **23-07-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2020 ഓടെ ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ വീടുകളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെയുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതു ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും, മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവഹണം നടത്തുന്നത്. |
| (ബി) | 2021-22ൽ എത്ര കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2021-22-ൽ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 29,37,564 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജല ജീവൻ പദ്ധതിയുടെ നിർവഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും, ജനപ്രതിനിധി കൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്. 2021-22 നിർവ്വഹണ |

| | | | |
|---|---|---|---|
| | | | വർഷത്തിൽ 16.07.2021 വരെ 2,01,938 കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്. |
| (സി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഏതുതരത്തിലുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്; ഇതിനായി ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (സി) | ജല ജീവൻ പദ്ധതിക്കായി സംസ്ഥാനത്ത് സുസ്ഥിരമായ ഉപരിതല ജലസ്രോതസ്സുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ സുസ്ഥിര ഉപരിതല ജലസ്രോതസ്സുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഭൂജല സ്രോതസ്സുകളെയും ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നുണ്ട്. ഇതിനായി സംസ്ഥാന തലത്തിൽ ജല ബജറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓരോ പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും പദ്ധതിയുടെ ജല സ്രോതസ്സിന്റെ ലഭ്യതയും സുസ്ഥിരതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് 'സോഴ്സ് ഫൈന്റിങ്ങ് കമ്മറ്റികൾ' ജില്ലാ തലത്തിൽ നിലവിലുണ്ട്. |
| (ഡി) | ജലജീവൻ മിഷൻ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജല ജീവൻ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സമാന സ്വഭാവമുള്ള നിലവിലുള്ള പ്രവർത്തികളുമായുള്ള സംയോജനത്തിലൂടെയാണ് ഇത് ഉറപ്പാക്കാൻ ലക്ഷ്യമിടുന്നത്. ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളപദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് സ്രോതസ്സുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട് . കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട് . കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന പ്രവർത്തനങ്ങളും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജല ഗുണനിലവാര പരിശോധന ലാബുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ